മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പ്രതിമാസം പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി പെൻഷൻ കൃത്യമായി വിതരണം ചെയ്തു വരികയാണ്.

കെ.എസ്.ആർ.ടി.സി.യിലെ എം-പാനൽ ജീവനക്കാർ

240 (3347) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര എം-പാനൽ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(സി) പലർക്കും മറ്റൊരു ജോലിക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി അധികരിച്ചിട്ടുള്ളതിനാൽ ഒരു മനുഷ്യാവകാശ പ്രശ്നമായി കണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 01/2016 പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ 10871 എം-പാനൽ ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്.

(ബി & സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലേ ഭൂരിഭാഗം തസ്തികകളിലേക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

റോഡ് സുരക്ഷാ അതോറിറ്റി

241 (3348) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്; മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി ഇക്കാര്യത്തിൽ എന്ത് സംഭാവനയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ച തുക വകമാറ്റി ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2015 കലണ്ടർ വർഷത്തിൽ 39014 വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്. 4196 പേർ മരണമടയുകയും 43735 പേർക്ക് പരിക്കു പറ്റുകയുമുണ്ടായി.

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും ആയതിന്റെ കാരണങ്ങളെപ്പറ്റി വിശദമായ അന്വേഷണം നടത്തിയും മൂന്നിലധികം വാഹനാപകടമരണങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി അടയാളപ്പെടുത്തി ബന്ധപ്പെട്ട സബ്ബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജോയിന്റ് ആർ.ടി.ഒ., പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തി ഈ സ്ഥലങ്ങളിൽ വാഹനാപകടം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും വിദ്യാഭ്യാസ വകുപ്പും, മോട്ടോർ വാഹനവകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്കും പ്രത്യേകിച്ച് സ്കൂൾ ബസ്സ് ഓടിക്കുന്ന ഡ്രൈവർമാർക്കും, കോളേജുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി., എസ്.പി.ജി. കേഡറ്റുകൾ രൂപീകരിച്ച് കുട്ടികൾക്കും അദ്ധ്യാപകർക്കുവേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പോലീസ്, പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേനയും നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ മുഖേനയും കേരളാ റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇല്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly